# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3978** — **31.01.2014** ൽ മറുപടിയ്ക്ക്

## ചക്കിട്ട പാറയിലെ ഇരുമ്പയിര് ഖനനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എളമരം കരീം | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | ചക്കിട്ടപ്പാറയിൽ ഇരുമ്പയിര് ഖനനത്തിന് അനുമതി ലഭിക്കാൻ അപേക്ഷ നൽകിയ എം.എസ്.പി.എൽ. കമ്പനിക്ക് സംസ്ഥാന സർക്കാർ നൽകിയ തത്വത്തിൽ അനുമതി ഏതെല്ലാം തീയതികളിലാണ് നീട്ടി നൽകിയത് എന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ ഇരുമ്പയിര് ഖനനത്തിന് എം.എസ്.പി.എൽ എന്ന കമ്പനിക്ക് 23/4/10 ൽ നൽകിയ തത്വത്തിലുള്ള അംഗീകാര പ്രകാരം മൈൻപ്ലാൻ, MoEF Clearance, മറ്റു Statutory Clerance -കൾ ഹാജരാക്കുന്നതിനുള്ള കാലാവധി 22/01/2011 ലും 14/03/2013 ലും നീട്ടി നൽകിയിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ കമ്പനിക്ക്, കേന്ദ്രത്തിൽ നിന്നുള്ള അനുമതി ലഭിക്കുകയുണ്ടായോ; | (ബി) | ഈ കാലയളവിൽ കേന്ദ്രത്തിൽ നിന്നുള്ള യാതൊരു അനുമതിയും കമ്പനി ഹാജരാക്കിയിട്ടില്ല. |
| (സി) | മേൽപറഞ്ഞ കമ്പനിക്ക് ചക്കിട്ടപാറയിൽ ഖനനത്തിന് ഭൂമി സ്വന്തമായി കൈവശമുള്ളതായി സർക്കാരിനെ അറിയിച്ചിട്ടുണ്ടായിരുന്നോ; | (സി) | ഭൂമി സ്വന്തമായി കൈവശമുള്ളതിന്റെ രേഖകൾ വ്യവസായ വകുപ്പിൽ ഹാജരാക്കിയിട്ടില്ല. |
| (ഡി) | സർക്കാർ ഭൂമി ഈ കമ്പനിക്ക് പാട്ടത്തിന് നൽകുകയുണ്ടായോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ